സർവകലാശാലയുടെ വികസന ഗവേഷണ പ്രവർത്തനങ്ങൾക്ക് നേരിടുന്ന തടസ്സം

97 [3378] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.എ.ആർ. ഉൾപ്പെടെയുള്ള ഗവേഷണ സ്ഥാപനങ്ങളിൽനിന്ന് കേരള കാർഷിക സർവകലാശാലയ്ക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും പദ്ധതികൾ നഷ്ടപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സർവകലാശാലയുടെ വികസന ഗവേഷണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) സർവകലാശാലയുടെ വിവിധ ഗവേഷണ കേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) സമഗ്ര തെങ്ങ് പരിരക്ഷാപദ്ധതി (സി.സി.സി.പി.) സർവകലാശാല നടപ്പിലാക്കിയിട്ടുണ്ടോ; ഈ പദ്ധതിയുടെ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സമഗ്ര കേരരക്ഷാ പദ്ധതി ആലപ്പുഴ ജില്ലാ പഞ്ചായത്തുമായി ചേർന്ന് ഏതൊക്കെ പ്രദേശങ്ങളിൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതി ഉപേക്ഷിക്കാൻ സർവകലാശാല ഭരണസമിതി തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) തടസ്സപ്പെട്ടിട്ടുണ്ട്. പ്രായേണ അത്യാവശ്യമില്ലാത്ത ഗവേഷണപദ്ധതികൾ മാറ്റിവയ്ക്കുക, ചെലവുകൾ കുറയ്ക്കുക, പുതിയ ഗവേഷണ പദ്ധതികൾ സശ്രദ്ധം പഠിച്ച് അത്യാവശ്യത്തിനുള്ളത് മാത്രം നടപ്പിലാക്കുക എന്നിവയാണ് ഈ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് അനുവർത്തിച്ചിട്ടുള്ള മാർഗ്ഗങ്ങൾ.

(സി) സാമ്പത്തിക പ്രതിസന്ധിയും അതുകൊണ്ടുണ്ടായിട്ടുള്ള മറ്റു ബുദ്ധിമുട്ടുകളുമാണ് വിവിധ ഗവേഷണ കേന്ദ്രങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധി.

(ഡി) സമഗ്ര തെങ്ങ് പരിരക്ഷാ പദ്ധതി സർവകലാശാല നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തന റിപ്പോർട്ട് സർവകലാശാല ഭരണസമിതി വിലയിരുത്തിയിട്ടുണ്ട്.

(ഇ) ആലപ്പുഴ ജില്ലാ പഞ്ചായത്തുമായി ചേർന്ന് വള്ളിക്കുന്നം പഞ്ചായത്തിൽ സമഗ്ര കേരരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തീരുമാനിച്ചിട്ടുണ്ട്. പദ്ധതി തുടർന്ന് നടത്താനുള്ള അംഗീകാരത്തിനായി സർവകലാശാല ഭരണസമിതി ഇക്കാര്യം പരിഗണിച്ചുവെങ്കിലും അംഗീകാരം കൊടുക്കേണ്ടെന്ന് തീരുമാനിച്ചു.

കാസർഗോഡ് ജില്ലയിലെ പട്ടണക്കാട് കാർഷിക കോളേജിന്റെ പ്രവർത്തനം

98 [3379] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പട്ടണക്കാട് കാർഷിക കോളേജ് പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ അനുവദിക്കപ്പെട്ട അസോസിയേറ്റ് പ്രൊഫസർമാരുടേയും ജീവനക്കാരുടേയും എണ്ണം എത്രയാണ് എന്നും നിലവിൽ എത്ര പേരുടെ സേവനം ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) അനുവദിക്കപ്പെട്ട തസ്തികകളിൽ ഒഴിവുകൾ ഉണ്ടായിട്ടും നിയമനം നടത്താത്തതിന്റെ കാരണം വിശദീകരിക്കാമോ;

(ഡി) കോളേജിന്റെ ആരംഭം മുതൽ അനുവദിക്കപ്പെട്ട ഫണ്ട് എത്രയാണെന്ന് ഓരോ വർഷത്തേയും പ്രത്യേകമായി വ്യക്തമാക്കാമോ;

(ഇ) നടപ്പു വർഷത്തിൽ അനുവദിക്കപ്പെട്ട ഫണ്ടിൽ മുൻകാല ഫണ്ടിൽനിന്നും കുറവു വരുത്തിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഫണ്ടിൽ കുറവ് വരുത്തുവാൻ പ്രത്യേകിച്ച് എന്തെങ്കിലും കാരണം ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ജി) ഫണ്ട് വെട്ടിച്ചുരുക്കിയും ആവശ്യത്തിന് ടീച്ചിംഗ് അദ്ധ്യാപകരേയും മറ്റു ജീവനക്കാരെയും നിയമിക്കാതെയും കാർഷിക കോളേജ് അടച്ചുപൂട്ടാനുള്ള എന്തെങ്കിലും ഗൂഢാലോചന നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1994-ൽ

(ബി) 10 പ്രൊഫസർ തസ്തികകളും 13 അസോസിയേറ്റ് പ്രൊഫസർ തസ്തികകളും 9 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും 36 മറ്റ് ജീവനക്കാരുടെ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ 27 അദ്ധ്യാപകരുടേയും 29 മറ്റ് ജീവനക്കാരുടേയും സേവനം ലഭ്യമാണ്.

(സി) കാർഷിക സർവകലാശാലയിൽ ആവശ്യത്തിലധികം ജീവനക്കാരുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ടു ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 19-9-2001-ൽ കൂടിയ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ നിർദ്ദേശം അനുസരിച്ചാണ് നിയമനം നടത്താത്തത്.

LIBRARY ARCHIVES Kerala Legislative Assembly